**KERALA POLICE INFORMATION CENTRE**

Ph: 0471 2318188   Email: *info.pol@kerala.gov.in*

No.102/PR/PIC/PHQ/17 Date : 16.05.2017

---

**ജനമൈത്രി പദ്ധതിക്ക് ദേശീയ അവാർഡ്**

ഫൗണ്ടേഷൻ ഫോർ റിസർച്ച് പ്രസിദ്ധീകരിക്കുന്ന ജേർണലായ കോപ്സ് ടുഡേ ഇന്റർനാഷണൽ (COPS Today International) ഏർപ്പെടുത്തിയ 2017 ലെ പോലീസ് എക്സലൻസ് അവാർഡിന് കേരള പോലീസിന്റെ കമ്മ്യൂണിറ്റി പോലീസിങ് സ്കീമായ ജനമൈത്രി പോലീസ് പദ്ധതി അർഹമായി. ജനമൈത്രി പദ്ധതി ശക്തിപ്പെടുത്താനും കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനിലേക്കും വ്യാപിപ്പിക്കാനും ഈയിടെ സർക്കാർ തീരുമാനിച്ചിരുന്നു. ഇത് ഉൾപ്പെടെ ജനമൈത്രി പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ പുതുസംരഭങ്ങൾ മുൻനിർത്തിയാണ് മികവിനുള്ള ഈ അംഗീകാരം ജനമൈത്രി പദ്ധതിയെ തേടിയെത്തിയത്.

പോലീസ് പ്രവർത്തനങ്ങളിൽ ശാസ്ത്ര സാങ്കേതിക കഴിവുകളും ഉപയോഗവും വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് ന്യൂഡൽഹി കേന്ദ്രമാക്കി ലാഭേച്ഛ കൂടാതെ പ്രവർത്തിക്കുന്ന സംഘടനയാണ് ഫൗണ്ടേഷൻ ഫോർ റിസർച്ച്. മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ, പ്രതിരോധ രംഗത്തെ വിദഗ്ധർ, അക്കാദമിക് വിദഗ്ധർ എന്നിവർ ഉൾപ്പെട്ട ടീമാണ് ഈ ഫൗണ്ടേഷന്റെ ഭരണ നിർവഹണം നടത്തുന്നത്. സംസ്ഥാന പോലീസ് സേനയ്ക്കും പാരാ മിലിട്ടറി വിഭാഗങ്ങൾക്കും വിവിധ മേഖലകളിലെ പ്രവർത്തനങ്ങൾക്ക് എല്ലാ വർഷവും ഫൗണ്ടേഷൻ ഫോർ പോലീസ് റിസർച്ച് ഈ അവാർഡ് നല്കിവരുന്നു.

ദേശീയതലത്തിൽ ഏറെ ശ്രദ്ധിക്കപ്പെട്ട കേരള പോലീസിന്റെ ജനമൈത്രി പദ്ധതി ജസ്റ്റിസ് കെ.ടി. തോമസ് കമ്മീഷന്റെ ശുപാർശ പ്രകാരം 2008 ൽ അന്നത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരാണ് 20 പോലീസ് സ്റ്റേഷനുകളിൽ ആരംഭിച്ചത്. തുടർന്ന് പല ഘട്ടങ്ങളിലായി 267 പോലീസ് സ്റ്റേഷനുകളിൽ ഈ പദ്ധതി വ്യാപിപ്പിച്ചു.ഓരോ സ്റ്റേഷൻ പരിധിയിലും കമ്യൂണിറ്റി റിലേഷൻസ് ഓഫീസർമാരുടെ മേൽനോട്ടത്തിൽ ബീറ്റ് ചുമതലയുള്ള പോലീസുകാർ, ജനമൈത്രി

സമിതി അംഗങ്ങൾ എന്നിവരുടെ ഒത്തുചേർന്നുള്ള പ്രവർത്തനമാണ് പദ്ധതിയുടെ കാതൽ, പ്രാദേശികതലങ്ങളിലുള്ള മദ്യം, മയക്കുമരുന്ന് പ്രശ്നങ്ങൾ, ചൂതുകളി, വർഗീയസംഘർഷങ്ങൾ, ഗുണ്ടാ-മാഫിയ പ്രവർത്തനങ്ങൾ എന്നിവ വലിയ തോതിൽ തടയുന്നതിനും സുരക്ഷ വർധിപ്പിക്കുന്നതിനും ജനങ്ങളോടൊത്തുചേർന്ന് ഇവർ പ്രവർത്തിക്കുന്നു. അത്തരം പ്രവർത്തനങ്ങൾക്കൊപ്പം സ്ത്രീസുരക്ഷ, രക്തദാന ക്യാമ്പ്, പി.എസ്.സി. കോച്ചിങ്, മറ്റ് ക്ഷേമപ്രവർത്തനങ്ങൾ തുടങ്ങി വ്യത്യസ്തമായ പ്രവർത്തനങ്ങൾ ജനമൈത്രി പദ്ധതിയുടെ ഭാഗമായി നടന്നുവരുന്നു. ഇപ്പോഴത്തെ അംഗീകാരം ഇത്തരം പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണ് പുതിയ അവാർഡിലൂടെ ലഭിക്കുന്നത്.

ഈ മാസം 18 ന് ന്യൂഡൽഹിയിലെ പ്രഗതി മൈതാനിയിൽ നടക്കുന്ന ചടങ്ങിൽ ജനമൈത്രി പദ്ധതിയുടെ നോഡൽ ഓഫീസറായ സൗത്ത് സോൺ എ.ഡി.ജി.പി. ഡോ. ബി.സന്ധ്യ കേരള പോലീസിനു വേണ്ടി പുരസ്കാരം ഏറ്റുവാങ്ങും.

***************